നം. 9/2016/SRG

## സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017- ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 10.30 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രിയുടെ ചേമ്പറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **വാർഷിക പദ്ധതി അവലോകനം**

   തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 2016-17 വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്തു. 16.01.17 വരയെുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

## പദ്ധതി പുരോഗതി (16.01.2017) ശതമാനം

| പദ്ധതി പുരോഗതി ശതമാനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ്.സി. എസ്.പി. | റ്റി.എസ്. പി | എഫ്.സി. ഗ്രാന്റ് | ലോകബാങ്ക് വിഹിതം | ആകെ % |
| 1 | ഗ്രാമപഞ്ചായത്ത് | 31.68 | 15.66 | 21.17 | 18.51 | 3.45 | 21.49 |
| 2 | ബ്ലോക്ക് പഞ്ചായതത് | 18.57 | 30.55 | 21.51 | 0.00 | 0.00 | 21.96 |
| 3 | ജില്ലാ പഞ്ചായത്ത് | 15.13 | 15.72 | 17.08 | 0.00 | 0.00 | 15.38 |
| 4 | മുനിസിപ്പാലിറ്റി | 25.31 | 12.58 | 6.67 | 11.10 | 6.73 | 16.08 |
| 5 | കോർപ്പറേഷൻ | 19.80 | 19.86 | 0.00 | 8.68 | 0.00 | 14.59 |
| ആകെ | | 24.89 | 18.23 | 19.88 | 14.43 | 3.90 | 19.33 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **ജില്ലാ പഞ്ചായത്തുകൾ** | | |
| 1 | ഇടുക്കി | 24.08 |
| 2 | തിരുവനന്തപുരം | 23.7 |
| 3 | വയനാട് | 22.22 |
| 4 | കാസർകോഡ് | 20.43 |
| 5 | പത്തനംതിട്ട | 19.31 |
| 6 | ആലപ്പുഴ | 17.51 |
| 7 | കൊല്ലം | 17.39 |
| 8 | പാലക്കാട് | 17.27 |
| 9 | കോഴിക്കോട് | 16.64 |
| 10 | കണ്ണൂർ | 14.09 |
| 11 | മലപ്പുറം | 11.41 |
| 12 | കോട്ടയം | 8.41 |
| 13 | എറണാകുളം | 5.15 |
| 14 | തൃശ്ശൂർ | 3.42 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **കോർപ്പറേഷനുകൾ** | | |
| 1 | കൊല്ലം | 23.03 |
| 2 | കണ്ണൂർ | 18.35 |
| 3 | എറണാകുളം | 14.92 |
| 4 | തിരുവനന്തപുരം | 13.04 |
| 5 | തൃശ്ശൂർ | 11.51 |
| 6 | കോഴിക്കോട് | 11.12 |

| ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച 10 മുനിസിപ്പാലിറ്റികൾ | | |
|---|---|---|
| 1 | തൃക്കാക്കര | 37.79 |
| 2 | കട്ടപ്പന | 34.24 |
| 3 | ഇരിട്ടി | 32.86 |
| 4 | ഒറ്റപ്പാലം | 28.99 |
| 5 | ഹരിപ്പാട് | 26.45 |
| 6 | അങ്കമാലി | 24.72 |
| 7 | ആറ്റിങ്ങൽ | 24.09 |
| 8 | കൊട്ടാരക്കര | 23.8 |
| 9 | കൂത്തുപറമ്പ് | 23.65 |
| 10 | തൃപ്പൂണിത്തുറ | 23.32 |

| ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച 10 ബ്ലോക്ക് പഞ്ചായത്തുകൾ | | |
|---|---|---|
| 1 | പെരുമ്പടപ്പ് | 51 |
| 2 | വാമനപുരം | 46.7 |
| 3 | കഞ്ഞിക്കുഴി | 43.92 |
| 4 | വെള്ളനാട് | 43.34 |
| 5 | പുലിക്കീഴ് | 42.41 |
| 6 | പെരിന്തൽമണ്ണ | 42.09 |
| 7 | പട്ടണക്കാട് | 40.5 |
| 8 | തിരൂർ | 40.37 |
| 9 | കുന്നമ്മൽ | 39.93 |
| 10 | തളിപ്പറമ്പ് | 38.33 |

| ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | ഇലപ്പള്ളി | 60.1 |
| 2 | തെക്കുംഭാഗം | 45.47 |
| 3 | എരുത്തേൻപതി | 45.31 |
| 4 | ചെമ്പിലോട് | 45.24 |
| 5 | ഷോളയാർ | 44.47 |
| 6 | കാവാലം | 43.52 |
| 7 | കയ്യൂർ ചീമേനി | 43.26 |
| 8 | മടിക്കൈ | 43.26 |
| 9 | ചെറുവത്തൂർ | 43.22 |
| 10 | മൂപ്പൈനാട് | 43 |

| ഏറ്റവും കുറവ് പുരോഗതി കൈവരിച്ച 10 മുനിസിപ്പാലിറ്റികൾ | | |
|---|---|---|
| 1 | പട്ടാമ്പി | 0 |
| 2 | വടക്കാഞ്ചേരി | 1.56 |
| 3 | ചെറുപ്പുളശ്ശേരി | 2.83 |
| 4 | ചേർത്തല | 3.75 |
| 5 | മാനന്തവാടി | 4.81 |
| 6 | ഈരാറ്റുപേട്ട | 5.62 |
| 7 | ചങ്ങനാശ്ശേരി | 6.99 |
| 8 | പൊന്നാനി | 7.18 |
| 9 | മൂവാറ്റുപുഴ | 7.81 |
| 10 | കോട്ടയ്ക്കൽ | 8.11 |

| ഏറ്റവും കുറവ് പുരോഗതി കൈവരിച്ച 10 ബ്ലോക്ക് പഞ്ചായത്തുകൾ | | |
|---|---|---|
| 1 | മാനന്തവാടി | 2.23 |
| 2 | കല്പറ്റ | 2.35 |
| 3 | മാള | 3.82 |
| 4 | സുൽത്താൻ ബത്തേരി | 4.29 |
| 5 | ഒറ്റപ്പാലം | 6.45 |
| 6 | പനമരം | 6.46 |
| 7 | പമ്പക്കുട | 7.3 |
| 8 | പെരുങ്കടവിള | 7.77 |
| 9 | വടകര | 8.36 |
| 10 | ചേളന്നൂർ | 8.95 |

| ഏറ്റവും കുറവ് പുരോഗതി കൈവരിച്ച 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | തലനാട് | 3.46 |
| 2 | പണൻചേരി | 4.32 |
| 3 | അവിനിശ്ശേരി | 4.4 |
| 4 | പൂമംഗലം | 5.3 |
| 5 | പുത്തൂർ | 5.65 |
| 6 | മൂനിലവ് | 5.85 |
| 7 | വല്ലച്ചിറ | 6.03 |
| 8 | പെരുവന്താനം | 6.07 |
| 9 | മാള | 6.14 |
| 10 | കൊടമ്പല്ലൂർ | 6.5 |

## 2 പൊതു വിഷയങ്ങൾ

**2.1** തദ്ദേസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യാപകമായി പരാതി ഉണ്ടായ സാഹചര്യത്തിൽ 20.08.2016-ലെ 2484/2016/തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ച പുതിയ പ്രൊക്യൂർമെന്റ് മാന്വൽ തൽക്കാലം പ്രാബല്യത്തിലാക്കേണ്ടതില്ലെന്നു തീരുമാനിച്ചു. മാന്വൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റർ എന്നിവരെ ചുമതലപ്പെടുത്തി.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**2.2** മൂന്നാം ഘട്ട തുക കൂടി നൽകിയപ്പോൾ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് തുകയിൽ നിന്നും വ്യത്യാസമുണ്ട് . ഇത് വാലിഡേഷനെ ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിച്ച് ആവശ്യമായ ക്രമീകരണം നടത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി- ഐ.കെ.എം)

**2.3** ABC പ്രോഗ്രാം മുനിസിപ്പാലിറ്റികളിൽ നടപ്പാക്കാൻ താഴെപ്പറയുന്ന രീതി അവലംബിക്കാവുന്നതാണ്.

(i) മുനിസിപ്പാലിറ്റികൾക്ക് അവരുടെ വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറി ABC പരിപാടി നടത്താൻ അനുമതി നൽകുന്നു.

അല്ലെങ്കിൽ

(ii) മുനിസിപ്പാലിറ്റികൾ നേരിട്ട് ABC പരിപാടി നടപ്പാക്കാവുന്നതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

**2.4** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് പുതിയ റേറ്റ് തീരുമാനിക്കാനും അനുമതിക്കുമായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയയ്ക്കാൻ തീരുമാനിച്ചു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.5** നിലവിലെ ഉത്തരവനുസരിച്ച് ആശുപത്രികളിലും മറ്റും മരുന്ന് വാങ്ങേണ്ടത് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നാണ്. എന്നാൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം നേരിടുന്നു എന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന രീതി അവലംബിക്കാൻ നിർദ്ദേശം നൽകുന്നു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**2.5.1** മരുന്നുകളുടെ ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് രണ്ടുമാസം മുമ്പേ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തന്നെ ഇന്റന്റ് നൽകി മരുന്ന് വാങ്ങാൻ നടപടി സ്വീകരിക്കണം.

**2.5.2** ആരോഗ്യ വകുപ്പിൽ നിന്നോ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നോ മരുന്നു ലഭിക്കാൻ താമസമുണ്ടായാൽ അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി തൽക്കാല ആവശ്യത്തിന് കാരുണ്യ, നീതി സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഇതിനായി അംഗീകരിച്ച

പ്രോജക്ടിലെ വിഹിതമോ തനത് ഫണ്ടോ ഉപയോഗിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി ഫണ്ട് ഉപയോഗിക്കണം.

**2.5.3** മാരക രോഗമടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാവുന്നതും മരുന്ന് വാങ്ങി നൽകാവുന്നതുമാണ്. മാരകരോഗങ്ങൾക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രത്യേക ചികി ത്സകളും മരുന്നുകളും പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

**2.6** കൃഷി മേഖലയിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടീൽ വസ്തുക്കൾക്ക് 100% സബ്സിഡി നൽകാൻ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു. ഇത് പച്ചക്കറിക്കൃഷിക്ക് മാത്രമാണെന്ന് സ്പഷ്ടീകരണം നൽകുന്നു. തെങ്ങ്, മാവ്, ജാതി തുടങ്ങിയ ഫലവൃക്ഷത്തിന് ഇത് ബാധകമല്ല.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**2.7** മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സർക്കാർ അനുമതിയില്ലാതെ പുതിയ വാഹനം വാങ്ങാവുന്നതല്ല. ആവശ്യമുള്ള വാഹനം വാടകയ്ക്ക എടുക്കേണ്ടതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.8** നടപ്പുവർഷം അധിക വിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിലെ മേഖല വിഭജന മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**2.8.1** അധികവിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മേഖല വിഭജനം നടത്തി പ്രോജക്ടുകൾ എടുക്കേണ്ടതാണ്. അത്തരം പ്രോജക്ടുകൾ മാത്രം സ്പിൽ ഓവറായി 31.07.2017 വരെ തുടരാവുന്നതാണ്. എന്നാൽ സ്പിൽഓവർ ആക്കുന്നതിനായി പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നിർവ്വഹണ നടപടികൾ തുടങ്ങിയിരിക്കണം. (ഉദാ. സാങ്കേതിക അനുമതി വാങ്ങൽ, കരാർവയ്ക്കൽ തുടങ്ങിയ)

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**2.9** വാർഷിക പദ്ധതി ഭേദഗതി വരുത്തുന്നതിനുള്ള സമയം 20.0**2**.2017 വരെ നീട്ടുന്നതിന് തീരുമാനിച്ചു.

**2.10** അധിക പദ്ധതിവിഹിതം ഉൾപ്പടെ വികസനഫണ്ട് ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾ സ്വീകരിച്ച ശേഷം മിച്ചം തുക ഉണ്ട് എങ്കിൽ അത് ഉപയോഗിച്ച് താഴെപ്പറയുന്നവയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

2.10.1 ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ്

2.10.2 PMAY/BSUP/IHSDP/IAY/RAY പദ്ധതി പ്രകാരം പണിയുന്ന നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് പുതിയ നിരക്ക പ്രകാരം നൽകാനുള്ള ഗഡുക്കൾ നൽകൽ

2.10.3 PMAY പദ്ധതി പ്രകാരം പണിയുന്ന വീടുകളുടെ അവസാന ഗഡു നൽകൽ
2.10.4 തദ്ദേശഭരണ സ്ഥാപനം എടുത്ത KURDFC/ സമാന ലോൺ തിരിച്ചടവ്
2.10.5 പഞ്ചായത്ത് അടയ്ക്കേണ്ട വൈദ്യുതി, വെള്ളക്കരം ഇവയുടെ കുടിശ്ശിക അടയ്ക്കൽ
2.10.6 ജലനിധി പ്രോജക്ടുകൾക്ക് ഈ വർഷം അടയ്ക്കേണ്ട പഞ്ചായത്ത് വിഹിതം അടയ്ക്കൽ

**2.11** ഈ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം കാര്യക്ഷമമാക്കി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ യോഗങ്ങൾ ആഴ്ചയിൽ ഒരുതവണയെങ്കിലും കൂടാൻ ജില്ലാ ആസൂത്രണ സമിതി ചെയർമാന്മാർ താല്പര്യമെടുക്കണം. യോഗത്തിൽ പദ്ധതി അംഗീകാരം, അവലോകനം എന്നിവ അജണ്ടയിൽ ഉൾപ്പെടുത്തണം.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.12** അടുത്ത യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ കൂടി ക്ഷണിക്കാൻ തീരുമാനിച്ചു.

(നടപടി- എസ്.ആർ.ജി)

**2.13** പട്ടികജാതി/പട്ടികവർഗ്ഗ/പൊതു വിഭാഗക്കാരായ വൃദ്ധർക്കു നൽകുന്ന കട്ടിലിന്റെ യൂണിറ്റ് ചെലവ് 3500/- രൂപയായി തീരുമാനിച്ചു. ഇതിന്റെ ഗുണനിലവാരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**2.14** കണ്ണൂർ കോർപ്പറേനോട് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിൽ 2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിമാരും, അസിസ്റ്റന്റ് സെക്രട്ടറിമാരും നിർവഹണം നടത്തിവന്നിരുന്നതും കോർപ്പറേഷൻ രൂപീകരണത്തെത്തുടർന്ന് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ ലോഗിൻ ചെയ്തതുമായ സ്പിൽഓവർ പ്രോജക്ടുകൾ, പുതിയതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോർപ്പറേഷൻ മെമ്പർ സെക്രട്ടറിയെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചിച്ചു. നിർവഹണം നടത്തുന്നതിന് അനുമതി നല്കുന്നു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**2.15** തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് എസ്.സി.പി./ റ്റി.എസ്.പി. പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന ഉദ്യോഗസ്ഥനു പകരം ആവശ്യമെങ്കിൽ അനുയോജ്യനായ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണ സമിതിക്കു തീരുമാനിക്കാവുന്നതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.16** നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ബിറ്റുമിൻ തദ്ദേശഭരണ സ്ഥാപനം ഇപ്രകാരം ആവശ്യപ്പെടുന്ന കോൺട്രാക്ടർമാർക്ക് ലഭ്യമാക്കണം. അതിനായി ആവശ്യാനുസരണം എസ്റ്റിമേറ്റിൽ പറയും പ്രകാരം നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി ബിറ്റുമിൻ വാങ്ങി സൂക്ഷിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ചുമതലയാണ്. ഇതിന് മുടക്കം വന്നാൽ സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതാണ്.

1. (നടപടി – പഞ്ചായത്ത് ഡയറക്ടർ,
2. മുനിസിപ്പൽ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ)

**2.17** കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണ്.

**2.18** വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ്, സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.റ്റി.പി) മാലിന്യ സംസ്കരണ യൂണിറ്റ് ഉടങ്ങിയവയ്ക്ക് സാങ്കേതിക അനുമതി നൽകാനും ശുപാർശകൾ നൽകാനും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് (സി.ഇ.റ്റി), 'കുസാറ്റ് '(കൊച്ചി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (കോഴിക്കോട് ) തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട വകുപ്പിന്റെ/വകുപ്പുകളുടെ സേവനം അവർ തയ്യാറാണെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

2.18.1 ഇതുകൂടാതെ ശുചിത്വമിഷന്റെ അംഗീകരിക്കപ്പെട്ട സർവ്വീസ് പ്രൊവൈഡർമാരിൽ നിന്ന് ക്വട്ടേഷൻ വിളിച്ച് ഏജൻസിയെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്. ഇതിനായി ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡർമാരുടെ ലിസ്റ്റ് ശുചിത്വമിഷൻ തയ്യാറാക്കണം. അപ്രകാരം തെരഞ്ഞെടുക്കുന്ന ഏജൻസികൾക്ക് അക്രഡിറ്റ് ഏജൻസികൾക്ക് നൽകുന്നതിന് തുല്യമായ തുക മുൻകൂർ ന ൽകാവുന്നതാണ്.

(നടപടി– എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ)

**2.19** ട്രഷറികളിൽ ഓൺലൈൻ ആയി ബിൽ സമർപ്പിക്കുന്നതിൽ പഞ്ചായത്ത് ജീവനക്കാർക്ക് പരിശീലനവും Saankhya – BAMS integration നും പൂർത്തിയാക്കേണ്ടതുണ്ട്. ഇപ്പോൾ pilot ചെയ്യുന്ന കാട്ടാക്കട ജില്ലാ ട്രഷറിക്ക് കീഴിലുള്ള സ്ഥാപനം അതിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. അതിനാൽ 01.04.2017 ന ശേഷമേ സംസ്ഥാന വ്യാപകമായി പുതിയ രീതി നടപ്പിലാക്കാവൂ എന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി– ഐ.കെ.എം./ തദ്ദേശഭരണ (ഡി.എ) വകുപ്പ് )

**2.20** എല്ലാ ജില്ലയിലും പദ്ധതിപുരോഗതിയിൽ ഏറ്റവും പുറകിൽ നിൽക്കുന്ന 20 ഗ്രാമപഞ്ചായത്തുകളെ പ്രത്യേകം അവലോകനം ചെയ്യാൻ പഞ്ചായത്തു ഡയറക്ടർക്ക് നിർദ്ദേശം നൽകി. ഇതുകൂടാതെ പദ്ധതി ചെലവിൽപുറകിൽ നിൽക്കുന്ന മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥപനങ്ങളെ പ്രത്യേകം അവലോകനം ചെയ്യേണ്ടതും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(നടപടി– പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന വകുപ്പ് കമ്മീഷണർ)

**2.21** ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് പാലിനുസബ്സിഡി കൊടുക്കുന്നതിന് മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിനു തുടർച്ചയായി താഴെ പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

2.21.1 തദ്ദേശ ഭരണസ്ഥാപനങ്ങൾ സംയുക്തമായാണ് പ്രോജക്ട് തയ്യാറാക്കുന്നതെങ്കിൽ ജില്ല, ബ്ലോക്കു പഞ്ചായത്തുകൾ തങ്ങളുടെ വിഹിതം ഗ്രാമപഞ്ചായത്ത് ഡയറി ഫാം ഇൻസ്ട്രക്ടർമാർ മുഖേന ക്ഷീര സംഘങ്ങൾക്ക് നൽകണം.

2.21.2 ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾ സബ്സിഡി തുക ഡയറി എക്സ്റ്റൻഷൻ ഓഫീസർ മുഖേന ക്ഷീര സംഘങ്ങൾക്ക് കൈമാറണം.

2.21.3 ജില്ലാ പഞ്ചായത്തുകൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ മുഖേന ക്ഷീര സംഘങ്ങൾക്ക് കൈമാറണം. ബ്ലോക്കു പഞ്ചായത്തുകൾ പ്രോജക്ടുകൾ വച്ചിട്ടില്ലെങ്കിലും ഈ പ്രക്രിയ പാലിക്കേണ്ടതാണ്.

2.21.4 ഇപ്രകാരം ത്രിതലപഞ്ചായത്തുകൾ ക്ഷീരസംഘങ്ങൾക്ക് കൈമാറുന്ന തുക ബന്ധപ്പെട്ട ഡയറി ഫാം ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ ക്ഷീരകർഷകർക്കു ബാങ്ക് അക്കൗണ്ടിലൂടെ നൽകണം.

2.21.5 ഒരു ലിറ്റർ പാലിന് ഡിപ്പാർട്ടുമെന്റ് സബ്സിഡിയടക്കം പരമാവധി 4.00 രൂപ മാത്രമേ നൽകുന്നുള്ളു എന്ന് ഉറപ്പാക്കേണ്ടത് ഡയറിഫാം ഇൻസ്ട്രക്ടറുടെ ചുമതലയാണ്. ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക (തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം) യായ 20000/– രൂപയിൽ കവിയുന്നില്ല എന്നതും ഡയറിഫാം ഇൻസ്ട്രക്ടർ ഉറപ്പാക്കണം.

**2.22** ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ ഉപയോഗ്യ മല്ലാത്ത കെട്ടിടങ്ങൾ പുതുക്കി പണിയാനും പഴയവയുടെ നവീകരണത്തിനും അറ്റകുറ്റപ്പണിക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാവു ന്നതാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.23** പട്ടികജാതി– പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 50% തുക അഡ്വാൻസ് നൽകാവുന്നതാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**2.24** പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് 30,000/– രൂപ വരെ വിലയുള്ള ലാപ് ടോപ് നൽകാവുന്നതാണ്. ഐ.ടി. മിഷന്റെ താഴെപ്പറയുന്ന മിഡ് –ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആയിരിക്കണം വാങ്ങേണ്ടത്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ), (ഐ.ബി) വകുപ്പ്)

**Usage:** Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications.

- **Processor:** 64 bit Multi core x86 Processor with 4 threads having either of
  - BAPCO SysMark 2014 rating of 700 or above tested with memory of 8.0GB
  - PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM.
- **Chipset:** Compatible
- **Motherboard:** OEM Compatible
- **Memory:** 4 GB DDR3 1333 RAM(or Higher) Expandable up to 8GB
- **Hard Disk:** 1.0TB, 5400rpm or Higher
- **Display:** LED Backlit Display
- **Display Size:** 15.6”
- **Resolution:** 1366X768 WXGA or Higher
- **Wireless connectivity:** IEEE 802.11b/g/n/WLAN integrated wireless,
  Integrated Bluetooth 4.0
- **DVD Writer:** Integrated DVD Writer 8X or above
- **Speaker:** Integrated Stereo Speaker
- **Keyboard:** Keyboard with Touch Pad
- **Camera:** Integrated
- **Audio:** Integrated High Definition Audio
- **Expansion Port:** 3USB, 1 USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features
- **Power Supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger / adapter
- **Mouse:** Optical Scroll mouse
- **Carry case:** Backpack to be provided
- **Weight:** Weight Less than 2.5 Kg
- **Warranty:** 5 year comprehensive onsite OEM warranty including battery and charger
- **Certification:** Energy Star 5.0/ Bureau of Energy Efficiency (BEE) certification, RoHS (Preferable)
- **Operating System:** Ubuntu 16.04 LTS preloaded

2.5 ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടുത്തി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത വകുപ്പിൽ തുക അടയ്ക്കുന്നതിന് പ്രത്യേക കോഡ് അനുവദിക്കുവാൻ IKM ന് നിർദ്ദേശം നൽകി.

## 3. പ്രത്യേക വിഷയങ്ങൾ

3.1 പറവൂർ ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 11.01.2017 ലെ PBP/74/2017-ാം നമ്പർ കത്ത്

റ്റി.എസ്.പി. വിഹിതമായ 4.90 ലക്ഷം രൂപ വകിയിരുത്തി അംഗീകാരം വാങ്ങിയ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പഠനസാമിഗ്രികൾ, പട്ടിക വർഗ്ഗ സ്വയം തൊഴിൽ ഗ്രൂപ്പിനു ധനസഹായം, പി.എം.എ.വൈ. ഭവനനിർമ്മാണം എന്നീ പ്രോജക്ടുകൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഉപേക്ഷിച്ച് കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ തത്തപ്പിള്ളി വല്യത്ത് എസ്.റ്റി. കോളനിയിൽ നടപ്പാതയും സ്ലാബും തകർന്നതിനാൽ പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച്.

***തീരുമാനം:-*** *ഗുണഭോക്താക്കൾ പട്ടിക വർഗ്ഗക്കാർ മാത്രമാണെങ്കിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.2 പറവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 23.12.2016-ലെ 4(2)-ാം നമ്പർ തീരുമാനം

ആരോഗ്യസ്ഥാപനങ്ങൾക്ക് നീതി സ്റ്റോറിൽ നിന്ന് മരുന്നുവാങ്ങാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം:*** *-പൊതു തീരുമാനം ഖണ്ഡിക 2.5 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.3 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2016-ലെ A1-315/2016-ാം നമ്പർ കത്തും 18.10.2016-ലെ 143/2016(3)-ാം നമ്പർ തീരുമാനവും

മാർഗ്ഗരേഖ പ്രകാരം വീട് നിർമ്മാണത്തിന് ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തി വാങ്ങുന്ന പദ്ധതിയിൽ സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന റദ്ദ് ചെയ്യാൻ തീരുമാനിച്ചു.

***തീരുമാനം:*** – 18.01.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം (ഖണ്ഡിക 2.9) ബാധമായിരിക്കും. നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ കൂടുതൽ സ്ഥലം വാങ്ങാവുന്നതാണ്. നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ സ്ഥലം കുറവാണ് വാങ്ങുന്നതെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്യും. നിശ്ചയിച്ചിരിക്കുന്നതിനേക്കൾ സ്ഥലം കൂടുതൽ വാങ്ങാവുന്നതാണ്. നിശ്ചയിച്ച പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്. എന്നാൽ ആധാര പ്രകാരമുള്ള വിലയിൽ പരിമിതപ്പെടുത്തിയായിരിക്കും ധനസഹായം നൽകുന്നത്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.4 <u>തിരുവനന്തപുരം മേയറുടെ 13.01.2017–ലെ J1/94897/16–ാം നമ്പർ കത്ത്</u>

വയോ ആരോഗ്യമിത്രം (പ്രോ.നം.1755/17–അടങ്കൽ 3.907 കോടി രൂപ) എന്ന പേരിൽ തയ്യാറാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

1) കണ്ണട (65 വയസ്സിനുമേൽ പ്രായമുള്ളവർക്ക്)
2) ഓർത്തോ ചപ്പൽ, മരുന്ന്, വാക്കിംസ്റ്റിക്ക് (60 വയസ്സിനുമേൽ പ്രായമുള്ളവർക്ക്)
3) കൊതുക് വല (70 വയസ്സിൽ മുകളിൽ പ്രായമുള്ളവർക്ക്)

***<u>തീരുമാനം:</u>*** – മുകളിൽ പറഞ്ഞ മൂന്നു പ്രോജക്ടുകൾക്ക് അനുമതി നിരസിച്ചു. എന്നാൽ മരുന്ന് ആശുപത്രി മുഖേന വാങ്ങി നൽകുന്നതിനും കട്ടിൽ നല്കുന്നതിനും പ്രത്യേക പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. പൊതു തീരുമാനം ഖണ്ഡിക 2.5, 2.13 പ്രകാരമായിരിക്കണം.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.5 <u>പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.01.2017–ലെ BP1–110/2017–ാം നമ്പർ കത്ത്</u>

ക്ഷീരകർഷകർക്ക് പാൽ സബ്സിഡി നൽകുവാനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ലാത്തതിനാൽ നടപ്പാക്കേണ്ട രീതിയിൽ സ്പഷ്ടീകരണം സംബന്ധിച്ച്.

***<u>തീരുമാനം:</u>*** –പൊതു തീരുമാനം ഖണ്ഡിക 2.21 ബാധകമാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.6 <u>തരിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2017–ലെ കത്തും 13.01.2017–ലെ 3–ാം നമ്പർ തീരുമാനവും</u>

പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി പാലിക്കുന്നതു സംബന്ധിച്ച്.

***<u>തീരുമാനം:</u>*** –പൊതു തീരുമാനം ഖണ്ഡിക 2.1 ബാധകമാണ്.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.7 <u>അശമന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2016–ലെ C3–6601/2016–ാം നമ്പർ കത്തും 11.11.2016–ലെ 7(1)–ാം നമ്പർ തീരുമാനവും</u>

പഞ്ചായത്തുവക സ്ഥലത്ത് 2 കോടി രൂപ ചെലവിൽ 27000 ചതുരശ്ര അടിയിൽ 3 നിലകളിലായി ഷോപ്പിംഗ് കോംപ്ലക്സും ഓഡിറ്റോറിയവും പണിയുന്നു. ഇതിനു പ്ലാനും ഡിസൈനും തയ്യാറാക്കാൻ പ്രൊഫഷണൽ ഏജൻസിയെ ഏല്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം:</u>*** – അനുമതി നൽകുന്നു.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.8 ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.2016-ലെ A1-3812/16-ാം നമ്പർ കത്ത്, കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗതീരുമാനം (ഖണ്ഡിക 3.84) മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2017-ലെ 1000/2016-17/DPC/DPO/MPM കത്ത്

താഴെപ്പറയുന്ന 3 പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്

1. സമഗ്ര വിദ്യാഭ്യാസ പരിപാടി - ഘടകങ്ങൾ

ഇംഗ്ലീഷ് പോഷണപരിപാടി, കഥ-കവിത രചനാശില്പശാല, നാടകകളരി, ചിത്രരചനക്യാമ്പ്, അവധികാല പ്രവർത്തനങ്ങൾക്കുള്ള വർക്ക് ബുക്ക്, ബാലദർശൻ, പരിസ്ഥിതി സഹവാസ ക്യാമ്പ് തുടങ്ങിയവയാണ്.

2. വയോസ്മിതം വയോജന ക്ഷേമപരിപാടി

ഇതിൽ 65 വയസ്സിനു മുകളിൽ ഉള്ളവർക്ക് വയോജനക്ലബ് രൂപീകരിച്ച് സ്കൂൾ ബസ്സുകൾ ഉപയോഗിച്ച് പകൽ വീടുകളിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു.

3. നാടകകളരിയും കലാജാഥയും (റ്റി.എസ്.പി)

ഈ പ്രോജക്ടിൽ ലഹരിവിരുദ്ധ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയുടെ പ്രചരണത്തിന് കലാജാഥയും തെരുവു നാടകവും നടത്താനാണ് ഉദ്ദേശിക്കുന്നത്.
സമഗ്ര വിദ്യാഭ്യാസ പരിപാടി (7.41 ലക്ഷം രൂപ), വയോസ്മിതം വയോജനക്ഷേമ പരിപാടി (4.07 ലക്ഷം രൂപ) നാടകകളരിയും കലാജാഥയും (92500 രൂപ) എന്നീ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** *1. ക്രമനമ്പർ 1,2 അംഗീകരിക്കുന്നു.*
*2. നാടകകളരിയും കലാജാഥയും (റ്റി.എസ്.പി) ഇതിന് റ്റി.എസ്.പി. വിഹിതം ആയതിനാൽ പട്ടികവർഗ്ഗ വിഭാഗം കൂടുതലായി താമസിക്കുന്ന മേഖലയാണെങ്കിൽ മാത്രമേ നടപ്പാക്കാവൂ*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.9 പിറവം മുനിസിപ്പൽ ചെയർമാന്റെ 17.01.2017-ലെ കത്ത്.

സമ്മർ കോച്ചിംഗ് ക്യാമ്പ് സ്വാതന്ത്ര്യ ദിനാഘോഷം, ഉന്നത വിജയം നേടിയവർക്ക് അവാർഡ് ഗ്രാമോത്സവം എന്നീ പ്രോജക്ടുകളുടെ അനുമതി സംബന്ധിച്ച്

**തീരുമാനം:-** *പ്രോജക്ടിൽ ഓണറേറിയം , ക്യാഷ് അവാർഡ് എന്നിവ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.10 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2017-ലെ pstdppta 58/2017 ാം നമ്പർ കത്ത്

വരട്ടാർ-വരാൽച്ചാൽ സംരക്ഷണം (പ്രോജക്ട് നം. 722/16/- അടങ്കൽ 20.00 ലക്ഷം രൂപ) എന്ന പ്രോജക്ടിൽ ചാലിലെ കളകളും പോളകളും വൃത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രാഥമിക ലെവൽ എടുക്കാൻ കഴിയാത്തതിനാലും വൃത്തിയാക്കൽ ജോലി മെഷർ ചെയ്യാൻ സാധിക്കാത്തതിനാലും ഈ ടെണ്ടറിലൂടെ മണിക്കൂർ വാടക നിശ്ചയിച്ച് യന്ത്രങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം:-*** *ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിൽ യന്ത്രങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കാനാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിൽ അതനുസരിച്ച് ചെയ്യാവുന്നതാണ്. അല്ലായെങ്കിൽ യന്ത്രമുപ്പയോഗിച്ച് വൃത്തിയാക്കുന്ന രീതിയിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് ഭേദഗതി ചെയ്ത് നടപ്പാക്കാൻ അനുമതി നൽകുന്നു. എസ്റ്റിമേറ്റ് പ്രകാരം പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.11 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2016-ലെ A1-315/2016-ാം നമ്പർ കത്തും 27.10.2016-ലെ 147/2016(10)-ാം നമ്പർ തീരുമാനവും

വീട് വയറിംഗിന് 10000/- രൂപ അനുവദിക്കണമെന്നതു സംബന്ധിച്ച്

***തീരുമാനം:-*** *അനുമതി നിരസിച്ചു. 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് 5000/- രൂപ നൽകാം*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.12 നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2016-ലെ N 6-1306/16 (42)-ാം നമ്പർ കത്തും 22.12.2016-ലെ V(8)-ാം നമ്പർ തീരുമാനവും.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട രാജേന്ദ്രൻ, ചെറുവിള തോപ്പ് എന്ന ആൾക്ക് 2007-ൽ ഐ.എ.വൈ പദ്ധതി പ്രകാരം വീട് നൽകിയിരുന്നു. തീരദേശ നിയന്ത്രണ നിയമം ബാധകമായതിനാൽ വീടിന് താൽക്കാലിക വീട്ടു നമ്പറാണുള്ളത്. ഇദ്ദേഹത്തിന്റെ മകൾക്ക് പഠനമുറിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

***തീരുമാനം:-*** *പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച വീടായതിനാൽ പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.13 മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.12.2016-ലെ കത്ത്

മെന്റൽ ഹെൽത്ത് കെയർ പ്രോഗ്രാം (ഉണർവ്) എന്ന പ്രോജക്ടിൽ പരിശീലനത്തിന് തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്

***തീരുമാനം:-*** *പ്രോജക്ടിൽ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ പരിഗണിച്ചില്ല.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.14 <u>വെഞ്ഞാറമൂട് സഹകരണ സർവീസ് സൊസൈറ്റി പ്രസിഡന്റിന്റെ 20.12.2016-ലെ കത്ത്</u>

വെറ്റിനറി മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>-*** *ഡിപ്പാർട്ട്മെന്റിൽ നിന്നും മരുന്നില്ലാതെ വരുമ്പോൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നോ, ടെണ്ടർ അല്ലെങ്കിൽ ക്വട്ടേഷൻ മുഖേനയോ വാങ്ങാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.15 <u>മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.12.2016-ലെ കത്തും 03.012.2016-ലെ 7-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്റ്റ്നം. 193/17) മുട്ടക്കോഴി വളർത്താൻ പ്രോജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് വനിതകൾ അപേക്ഷകരായുള്ള (അർഹതാമാനദണ്ഡ മനുസരിച്ച് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഗുണഭോക്താക്കൾ) എല്ലാ കുടുംബത്തിനും നൽകാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>-*** *അനുമതി നിരസിച്ചു*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.16 <u>മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.12.2016-ലെ കത്തും 03.12.2016-ലെ 1(4) ാം നമ്പർ ഭരണസമിതി തീരുമാനവും</u>

മെഡിക്കൽ ക്യാമ്പിനാവശ്യമായ മരുന്നുകൾ 'ജൻ ഔഷധി' യിൽ നിന്നും വാങ്ങാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>-*** *പൊതു തീരുമാനം ഖണ്ഡിക 2.5 ബാധകമാണ്. പട്ടികവർഗ മേഖലയിൽ മാത്രമേ മെഡിക്കൽ ക്യാമ്പ് നടത്താവൂ.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.17 <u>തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 1833/16-ാം നമ്പർ കത്തും, 14.10.2016-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

ബീരാഞ്ചിറ എസ്.സി. കോളനി ഭൂസംരക്ഷണം, അഴകത്തുകുളം എസ്.സി. കോളനി ഭൂസംരക്ഷണം എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം സംബന്ധിച്ച്

***<u>തീരുമാനം</u>-*** *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.18 കുത്താട്ടുകുളം മുനിസിപ്പൽ ചെയർമാന്റെ 24.12.2016-ലെ A3/4000/16-ാം നമ്പർ കത്തും 17.12.2016-ലെ 1ഇ-ാം നമ്പർ തീരുമാനവും

ടെണ്ടർ മുഖേന കമ്പ്യൂട്ടർ വാങ്ങാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***- *18.01.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം (ഖണ്ഡിക 2.3) അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി വകുപ്പ് )

3.19 ചേലമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2016-ലെ എ5-4783/16-ം നമ്പർ കത്ത്

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങുന്നതിന് ഇപ്പോൾ 25000/- രൂപയാണ് നൽകുന്നത്. ഇത് 40,000/- രൂപയാക്കണമെന്ന ആവശ്യം സംബന്ധിച്ച്

***തീരുമാനം***- *പൊതു തീരുമാനം ഖണ്ഡിക 2.24 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.20 ചേലന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.2016-ലെ കത്ത്

അഞ്ചുപേരടങ്ങിയ ഒരു ഗ്രൂപ്പിന്റെ അഞ്ച് പശുക്കളെ ഒരു സ്ഥലത്ത് വളർത്തി പാൽ വിപണനം ചെയ്യുന്ന പ്രോജക്ട് ഭേദഗതി ചെയ്ത് വ്യക്തികൾക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്

***തീരുമാനം***- *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

3.21 തുപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2017-ലെ കത്ത്

നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 3,79,965/- രൂപ ഉപയോഗിക്കാൻ പദ്ധതികൾ ഇല്ലാത്തതിനാൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ ആസ് ബറ്റോസ് മേൽക്കൂര മാറ്റാൻ ഉപയോഗിക്കാനായി അനുമതി സംബന്ധിച്ച്

***തീരുമാനം***- *കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം നൽകണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.*

3.22 ആർപ്പൂക്കര ഗ്രാമപഞ്ചാത്ത് പ്രസിഡിന്റിന്റെ 16.01.2017-ലെ AGP/President D-5/16-ാം നമ്പർ കത്ത്.

സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കക്കൂസ് അറ്റകുറ്റപ്പണിക്ക് അനുമതി സംബന്ധിച്ച്.

***തീരുമാനം***- *അനുമതി നിരസിച്ചു*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1)/(ഡി.ഡി) വകുപ്പ് )

3.23 ഏഴിക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറിന്റെ 20.12.2016-ലെ 940(A)/16ാം നമ്പർ കത്ത്

നീതി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങാൻ അനുമതി സംബന്ധിച്ച്

***തീരുമാനം-*** *പൊതു തീരുമാനം ഖണ്ഡിക 2.5 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.24 തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 24.01.2017-ലെ കത്ത്

പുതിയ പ്രൊക്യൂർമെന്റ് മാന്വൽ റദ്ദാക്കണമെന്നതു സംബന്ധിച്ച്
***തീരുമാനം-*** *പൊതു തീരുമാനം ഖണ്ഡിക 2.1 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.25 ആലപ്പുഴ മുനിസിപ്പൽ ചെയർമാന്റെ 10.01.2017-ലെ കത്ത്

2016-17-ലെ പദ്ധതിയിൽ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 164/16-ാം നമ്പർ പ്രോജക്ട് (**PMAY - Spill Over**) ഭേദഗതി ചെയ്യണം എന്ന് തെറ്റായി രേഖപ്പെടുത്തി. ഇത് പരിഹരിച്ച് ഈ പ്രോജക്ട് തുടരാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം-*** *ഇത് പുതിയ പ്രോ ജക്ടായി എടുത്ത് തുടരാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.26 വൈക്കം മുനിസിപ്പൽ ചെയർമാന്റെ 21.01.2017-ലെ E3-6269/16-ാം നമ്പർ കത്ത്

ഭവന രഹിത ഭൂരഹിത സർവേയ്ക്ക് പ്രോജക്ട് തയ്യാറാക്കാൻ പുതിയ കോഡ് അനുവദിക്കുന്നത് സംബന്ധിച്ച്.
***തീരുമാനം-*** *പുതിയ കോഡ് അനുവദിക്കാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകി തീരുമാനിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.27 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2017-ലെ കത്ത്

തനത്ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

***തീരുമാനം-*** *പൊതു വിഭാഗം ഫണ്ട് മാത്രം ഉപയോഗിച്ചുകൊണ്ട് ഭേദഗതി ചെയ്യാൻ പ്രത്യേക അനുമതി ഈ വർഷത്തേയ്ക്കു മാത്രമായി നൽകുന്നു. മേഖലാ വിഭജനം പാലിക്കണം.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.28 താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 7.10.2016-ലെ A5-5179/16-ാം നമ്പർ കത്ത്

പി.എച്ച്.സി.യ്ക്ക് വാഹനം വാങ്ങിയതിൽ 8,60,863/- രൂപ ചെലവഴിച്ചു . ഇതിൽ 62539/- രൂപ ലോകബാങ്ക് വിഹിതമാണ്. ലോകബാങ്ക് വിഹിതം ഉപയോഗിച്ചതിന് സാധൂകരണം സംബന്ധിച്ച്.

***തീരുമാനം-*** *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.29 പരപ്പനങ്ങാടി മുനിസിപ്പൽ ചെയർപേഴ്സന്റെ 25.11.2016-ലെ കത്ത് (EU3/299/2016/തസ്വഭവ)

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ദിവസ വേതാനാടിസ്ഥാനത്തിൽ 2 പേരെ നിയമിക്കുന്നതിന് അനുമതി സംബന്ധിച്ച്

***തീരുമാനം-*** *28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം (ഖണ്ഡിക 3.67) പോൾ ഒന്നിന് 100/- രൂപ ക്രമത്തിൽ ( 2 പേർക്കും കൂടി ) ദിവസ വേതാനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്)

3.30 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 11.08.2016-ലെ ULCCS/ULTS/2016-17-ാം നമ്പർ കത്ത്. (LSGD-DC3/7/2016- LSGD)

തദ്ദേശഭരണ സ്ഥാപനങ്ങളിൽ GIS മാപ്പിംഗും കെട്ടിടങ്ങൾ, റോഡുകൾ മുതലായവയുടെ ഡിജിറ്റൽ വിവരശേഖരണത്തിനുമായുള്ള ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച് നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച്

***തീരുമാനം-*** *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.31 കോഴിക്കോട് കോർപ്പറേഷൻ മേയറുടെ കത്ത് ((LSGD - DC3/1061/2016/LSGD)

2014-15-ലെ സ്പിൽഓവർ പ്രോജക്ട് നടത്തുന്നതിന് അനുമതി സംബന്ധിച്ച്

2014-15 വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾ പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന വിഹിതം ഉപയോഗിച്ച് പൂർത്തിയാക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** *- പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.32 *കുമാരപുരം* ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 14.10.2016-ലെ A2-7548/16-ാം നമ്പർ കത്ത്

പൊതു വിഭാഗത്തിൽ 1.50 ലക്ഷം രൂപയും എസ്.സി.എസ്.പി. വിഭാഗത്തിൽ നിന്ന് 1.00 ലക്ഷം രൂപയും വകയിരുത്തി ബാലികാ ജ്യോതി എന്ന പ്രോജക്ട് തയ്യാറാക്കി ഈ തുക ഉപയോഗിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺ കുട്ടികളുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ ഇട്ട് ഭാവിയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും, വിവാഹാവശ്യത്തിനും നൽകാനുള്ള പ്രോജക്ടിന് സൂക്ഷ്മ മേഖലാ കോഡ് അനുവദിക്കുന്നത് സംബന്ധിച്ച്

***തീരുമാനം***- *ഈ പ്രോജക്ട് നടപ്പാക്കാവുന്നതല്ല. അനുമതി നിരസിച്ചു.*

(നടപടി- ഐ.കെ.എം./ തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.33 മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ 20.09.2016-ലെ c-802/14-ാം നമ്പർ കത്ത് (LSGD - DC3/1019/2016-LSGD)

2013-14 വർഷം വിദ്യാർത്ഥികളുടെ നൈപുണി വികാസത്തിനായി 'മുന്നേറ്റം' (പ്രോജക്ട് നം. 8/2016, അടങ്കൽ 1.00 ലക്ഷം രൂപ)ഇൻസ്റ്റിറ്റ്യൂട്ട് അഡ്വാൻസ് സ്റ്റഡീസ് (പ്രോജി.നം. 74/2016- അടങ്കൽ 4.00 ലക്ഷം രൂപ) സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ കോച്ചിംഗ് (പ്രോ.നം. 198/16 അടങ്കൽ 3.00 ലക്ഷം രൂപ) ഇവ നടപ്പാക്കാൻ അംഗീകാരം സംബന്ധിച്ച്

***തീരുമാനം***- *2013-14-ലെ പ്രോജക്ടുകൾ ഇനി തുടങ്ങാൻ അനുമതി നൽകേണ്ടതില്ല എന്നു തീരുമാനിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി3) വകുപ്പ്)

3.34 നിലമ്പൂർ മുനിസിപ്പൽ സെക്രട്ടറിയുടെ 24.06.2016-ലെ 22698F/13-ാം നമ്പർ കത്തും നഗരകാര്യ ഡയറക്ടറുടെ 22.09.2016-ലെ ഡി.സി.3-15055/16-ാം നമ്പർ കത്തും (LSGD- DC3/793/2016-LSGD)

2013-14, 2014-15 വർഷങ്ങളിൽ ലോക ബാങ്ക് വിഹിതം ഉൾപ്പെടുത്തി നിലമ്പൂർ ആശുപത്രി IP- വാർഡ് പുനരുദ്ധാരണത്തിന് 13.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറായിരിക്കുന്നു. പാർട്ട് ബിൽ പ്രകാരം (859532/- രൂപ) മുള്ള തുകയിൽ 767000/- രൂപ നൽകി. ബാക്കി തുക 91832/- രൂപ കൂടി കരാറുകാരന് നൽകാനുണ്ടായിരുന്നു. താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയതിനാൽ ജില്ലാ പഞ്ചായത്തിന്റെ കീഴിലായി. അശ്രദ്ധ കാരണം പ്രോജക്ട് സ്പിൽഓവറായി നിലനിർത്താതെ പ്രോജക്ട് റദ്ദ് ചെയ്തു. 2016-17 വർഷം ഇത് സ്പിൽഓവറായി തുടരാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***- *ബാക്കി തുകയായ (91832/-രൂപ) നൽകാൻ പ്ലാൻ ഫണ്ടോ, തനത് ഫണ്ടോ ഉപയോഗിച്ച് പുതിയ പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.35 കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.2017-ലെ A-146(3)/2016-ാം നമ്പർ കത്ത്

മൂന്ന് നിലകളിലായി 18 ഫ്ളാറ്റുകൾ ഉള്ള ഭവന സമുച്ചയത്തിന് എസ്റ്റിമേറ്റ് തുക 2.50 കോടി രൂപയാണ്. യൂണിറ്റ് കോസ്റ്റ് കൂടിയതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

***തീരുമാനം***- *ഒരു ഭവനത്തിന് 13.89 ലക്ഷം രൂപ യൂണിറ്റ് ചെലവാകും എന്നതിനാൽ അനുമതി നൽകുന്നില്ല. ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പിന്നീട് നടപ്പാക്കാൻ പരിഗണിക്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.36 ചേറോട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 04.10.2016-ലെ (LSGD- DC1/849/2016-LSGD)

ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി 1.65 കോടി രൂപ അടയ്ക്കേണ്ടതുള്ളതിനാൽ മാലിന്യ സംസ്കരണ പ്രോജക്ടിനായി നിർബന്ധമായും വകയിരുത്തേണ്ട തുക ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്

***തീരുമാനം***:- *അനുമതി നിരസിച്ചു. അധികമായി ലഭിച്ച വികസനഫണ്ട് ഉപയോഗിക്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി1) വകുപ്പ്)

3.37 രാമങ്കരി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 17.12.2016-ലെ കത്ത് (LSGD-DA1/472/2016-LSGD)

തോടു വൃത്തിയാക്കുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

***തീരുമാനം***:- *അനുമതി നിരസിച്ചു.*

3.38 കുന്നമംഗലം ഗ്രാമഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2016 A2-1212/16 നമ്പർ കത്ത് (1096049/DA3/16 LSGD)

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***:- *നോൺറോഡ് മെയിന്റനൻസ് വിഹിതത്തിന്റെ പരമാവധി 10% തുകയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

3.39 <u>ചിറയ്ക്കൽ ഗ്രാമഞ്ചായത്ത് സെക്രട്ടറിയുടെ 27.12.2016 A2-14973/16-ാം നമ്പർ കത്തും 28.10.2016-ലെ 108/16-ാം നമ്പര് കത്തും, 11.11.2016-ലെ 115/16-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജ് പഞ്ചായത്തിൽ നിന്ന് അടയ്ക്കാൻ അനുതി സംബന്ധിച്ച്

***<u>തീരുമാനം</u>**:- അനുമതി നിരസിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (എഫ്.എം3) വകുപ്പ്)

3.40 <u>ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റിന്റെ 27.01.2017-ലെ കത്ത്</u>

പച്ചക്കറി തൈകളുടെ ഉത്പാദനത്തിനും വിതരണത്തിനുമുള്ള പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്

***<u>തീരുമാനം</u>**:- അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

***3.41*** <u>ഇരവിപേരൂർ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 25.01.2017 ലെ എ3-113/2017-ാം നമ്പർ കത്ത്</u>

തെരുവ് വിളക്കുകൾക്കുള്ള മീറ്ററുകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>**:- തദ്ദേശഭരണ സ്ഥാപനം തന്നെ KSEB യുമായി ബന്ധപ്പെടേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

***3.42*** <u>ചിതറ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 10.01.17 ലെ ഇ7414/15-ാം നമ്പർ കത്തും 03.01.17 ലെ 1 (12)ാം നമ്പർ തീരുമാനവും.</u>

നിലവിലെ പി.എച്ച്.സി കെട്ടിടം പൊളിച്ചുമാറ്റി പുതിയതു പണിയാൻ അനുമതി സംബന്ധിച്ച്.

കാലപ്പഴക്കം ചെന്ന കെട്ടിടത്തിലാണ് ഇപ്പോൾ പി.എച്ച്.സി. പ്രവർത്തിക്കുന്നത്. ഇത് അൺഫിറ്റ് ആണെന്നു പി.ഡബ്ളിയു.ഡി. അസ്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതു പൊളിച്ചുമാറ്റി 43.00 ലക്ഷം രൂപ ചെലവിൽ ലോക ബാങ്ക് വിഹിതമുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>**:- ആരോഗ്യവകുപ്പിന്റെ അനുമതിയോടെ കെട്ടിടം പൊളിച്ചുമാറ്റി പുതിയ പി.എച്ച്.സി. കെട്ടിടം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച് അടിയന്തിര നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.43 <u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.17 ലെ കത്തും 15.12.2016 ലെ II–ാം നമ്പർ തീരുമാനവും</u>

പച്ചക്കറിതൈ ഉത്പാദനയൂണിറ്റ്, തൊഴിൽസേന, ജൈവവള ഉത്പാദന യൂണിറ്റ് എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>***:- അനുമതി നൽകുന്നു. *ജൈവവളത്തിന്റെ ഗുണനിലവാരം കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഗുണഭോക്താക്കൾക്ക് വളം നൽകുമ്പോൾ സബ്സിഡി മാനദണ്ഡം (75%) പാലിക്കണം.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

***<u>3.44</u>*** <u>പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.01.2017 ലെ ബി5-70/17-ാം നമ്പർ കത്തും 26.12.2016 ലെ ***VI-(4)***ാം നമ്പർ തീരുമാനവും</u>

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള പെരിങ്ങനാട് വിവേകാനന്ദ ഗ്രന്ഥശാലയുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനും ഫണ്ട് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>***:- *2.22 പൊതുതീരുമാനം ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

***<u>3.45</u>*** <u>കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.01.17 ലെ കത്ത്.</u>

നെൽ കർഷകർക്ക് ഉഴവുകൂലി നൽകുന്നതിന് 8.40 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (നം. 41/7). വിള ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് കൂടി ഉഴവുകൂലി നൽകാൻ അമനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>***:- *അനുമതി നിരസിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

***<u>3.46</u>*** <u>ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 16.11.2016 ലെ കത്തും 02.11.16 ലെ 134/16(3)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

2015-16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കാഞ്ഞിരമുക്ക് പുത്തൂർമുക്ക് റോഡ് സോളിംഗ് (പ്രോ.നം. 145/16 തുക 2.00 ലക്ഷം രൂപ) എന്ന പ്രോജക്ടിന് മറ്റൊരു പ്രോജക്ടായ കാഞ്ഞിരമുക്ക് പുത്തൂർകടവ് റോഡ് (പ്രോ.നം 68/16 തുക 2.00 ലക്ഷം) എന്ന പ്രോജക്ടിന് നീക്കിവച്ച വിഹിതം തെറ്റായി നൽകിയാതായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി.

145/16-ാം നമ്പർ പ്രോജക്ട് പൂർത്തീകരിച്ചില്ല. ഇപ്പോൾ പൂർത്തീകരിച്ചു. ഇതിന് തുക നൽകുന്നതിനായി പഴയ രണ്ട് പ്രോജക്ടുകളും ഈ വർഷം 146/17, 139/17 എന്നീ നമ്പരുകളിലായി സ്പിൽഓവറായി തുടരുന്നുണ്ട്. ഇപ്പോൾ പൂർത്തിയായ പ്രോജക്ടിന് തുക നൽകാൻ സുലേഖ സോഫ്റ്റ് വെയറിൽ വേണ്ട ക്രമീകരണം നടത്തുന്നത് സംബന്ധിച്ച്

***തീരുമാനം***:- *രണ്ടു പ്രോജക്ടുകളും പൂർത്തിയാക്കി എന്ന് ഉറപ്പാക്കിയതിനുശേഷം പണം നൽകാൻ അനുമതി നൽകുന്നു.*

(നടപടി- ഐ.കെ.എം)

***3.47*** പള്ളുരുത്തി ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.17 ലെ കത്ത്

കത്തിലൂടെ താഴെ പറയുന്ന 7 വിഷയങ്ങൾ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

3.47.1 പള്ളുരുത്തി ബ്ലോക്ക പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ അംഗനവാടികൾ പണിയുന്നതിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗി ക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***:- *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.47.2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിനും അഡ്വാൻസായി 50% തുക നൽകുന്നതിനും അനുമതി സംബന്ധിച്ച്

***തീരുമാനം***:- *1) അനുമതി നൽകുന്നു. (പൊതു തീരുമാനം ഖണ്ഡിക 2.3 ബാധകം)*
*2)ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമായിരിക്കണം ധനസഹായം നൽകേണ്ടത്.*

3.47.3 സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലേക്ക് ഇ.സി.ജി. മെഷീൻ അടക്കമുള്ള ഉപകരണങ്ങൾ വാങ്ങാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***:- *അനുമതി നൽകുന്നു*

3.47.4 സ്വയം തൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് ബാങ്ക് ലിങ്ക്ഡ് സബ്സിഡി നൽകുന്നതിന് ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിയണം എന്ന നിർദ്ദേശമുണ്ട്. 6 മാസം കാലളവ് എന്നത് ഒഴിവാക്കണമെന്നതു സംബന്ധിച്ച്

***തീരുമാനം***:- *അനുമതി നിരസിച്ചു.*

3.47.5 വിദ്യാർത്ഥിനികൾക്ക് ഷീപാഡ് (നാപ്കിൻ) വിതരണം ചെയ്യുന്ന പദ്ധതിക്ക് വനിതാവികസന കോർപ്പറേഷന് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം അടയ്ക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം***:- *വനിത കോർപ്പറേഷനുമായി സംയുക്ത പ്രോജക്ടായിരിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

3.47.6 വനിതാ ഘടകപദ്ധതിയിൽ വ്യക്തിഗതഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>:-*** *ഏതുതരം ആനുകൂല്യമാണെന്ന് വ്യക്തമല്ലാത്തതിനാൽ യോഗം പരിഗണിച്ചില്ല.*

3.47.7 കുമ്പളങ്ങി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മരുന്നു കേട്ടുകൂടാതെയിരിക്കാൻ മരുന്നു സൂക്ഷിക്കുന്ന മുറി ശീതീകരിക്കാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം</u>:-*** *അനുമതി നിരസിച്ചു.*

<u>3.48 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.2016-ലെ കത്തും 09.12.2016-ലെ 92/16-17-ാം നമ്പർ തീരുമാനവും</u>

ജൈവവള നിർമ്മാണത്തിന് സബ്സിഡി നൽകുന്നതു സംബന്ധിച്ച്

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവള നിർമ്മാണത്തിന് 4.00 ലക്ഷം രൂപയുടെ പ്രോജക്ടിന് ജൈവവള നിർമ്മാണത്തിന് (2.00 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 2.00 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും) അനുമതി സംബന്ധിച്ച് . ജൈവവളം ബ്ലോക്ക് പ്ചായത്ത് നേരിട്ട് ഉത്പാദിപ്പിക്കുകയാണ്.

***<u>തീരുമാനം</u>:-*** *അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

<u>3.49 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 11.01.2017-ലെ J1/94897/16-ാം നമ്പർ കത്ത്</u>

ജില്ലാ ആസൂത്രണ സമിതി നിരസിച്ച താഴെപറയുന്ന പ്രോജക്ടുകൾക്ക് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

49.1 പുതിയതായി മിനിലോറി വാങ്ങി ശുദ്ധജല വിതരണം നടത്തുന്നതിന് (അടങ്കൽ 38.00 ലക്ഷം രൂപ) അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>:-*** *അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്*

49.2 കല്ലടിമുഖം വൃദ്ധസദനത്തിന് വാഹനം വാങ്ങാൻ (അടങ്കൽ 15.00 ലക്ഷം രൂപ)അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>:-*** *അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്*

49.3 വയോ മൊബൈൽ ക്ലിനിക്കിന് വാഹനം വാങ്ങാൻ (36.00 ലക്ഷം രൂപ) അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>:-*** *അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.50 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 13.01.2017-ലെ J1/94897/16-ാം നമ്പർ കത്ത്

നഗരസഭാ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിൽ വിവിധ കോഴ്സുകൾ തുടങ്ങാൻ അനുമതി സംബന്ധിച്ച്.

നഗരസഭാ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിൽ ഐ.എച്ച്.ആർ.ഡി., കെൽട്രോൺ, സി-അപ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സർക്കാർ അംഗീകൃത കോഴ്സുകൾ ഈ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നഗരസഭ കംമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തുന്നതിന് അനുമതി സംബന്ധിച്ച് .

***തീരുമാനം:-*** *ഈ ട്രെയിനിംഗ് സെന്ററിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം സംബന്ധിച്ച് ഒരു അവലോകന റിപ്പോർട്ട് (എത്ര കുട്ടികൾ പഠിച്ചു, ഏതെല്ലാം കോഴ്സുകളാണ് തുടങ്ങിയവ) സമർപ്പിക്കാൻ നഗരകാര്യ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് നൽകേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ് )

3.51 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 13.01.2017-ലെ J1/94897/16-ാം നമ്പർ കത്ത്

31.03.2012-ൽ ഇ.എം.എസ് ഭവനപദ്ധതി അവസാനിച്ചതിനുശേഷം 31.12.2013 വരെ നിലവിലെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സഹായം നൽകി. 31.03.2012 നു ശേഷം നടപ്പാക്കിയ ഭവന പദ്ധതിയ്ക്ക് സാധൂകരണം സംബന്ധിച്ച്

***തീരുമാനം:-*** *സാധൂകരണം നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.52 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 13.01.2017-ലെ j1/94897/16-ാം നമ്പർ കത്ത്

നഗരസഭയുടെ റിപ്രോഗ്രാഫിക് സെന്ററിന് അച്ചടി ജോലികൾ ലഭ്യമാകുന്നത് സംബന്ധിച്ച്

***തീരുമാനം:-*** *ഇത് കോഓർഡിനേഷൻ കമ്മിറ്റി പിരഗണിക്കേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് )

3.53 കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 13.01.2017-ലെ കത്ത്

നിലിവിലുള്ള വീടിനു മുകളിൽ പഠനമുറി പണിയാൻ അനുമതി സംബന്ധിച്ച്

***തീരുമാനം:-*** *തറ വിസ്തീർണ്ണം, ധനസഹായം എന്നിവ സംബന്ധിച്ച മാനദണ്ഡം പാലിച്ചുകൊണ്ട് നിർമ്മിക്കാൻ അനുമതി നൽകുന്നു. (പൊതു തീരുമാനം ഖണ്ഡിക 2.23 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ1), (ഡി.സി) വകുപ്പ് )

3.54 ട്രാക്കോ കേബിൾ ലിമിറ്റഡ് മാനേജിംഗ് ഡയറകടറുടെ 23.01.2017-ലെ MD/1/20/17-ാം നമ്പർ കത്ത്

ടെണ്ടർ നടപടികൾ കൂടാതെ ട്രാക്കോ കേബിൾ കമ്പനിയുടെ ഉല്പ്പന്നങ്ങൾ വാങ്ങാൻ സർക്കാരിന്റെ 19.02.2016-ലെ 9/2016/SPD ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്ക് ഈ കമ്പനിയുടെ ഉല്പന്നങ്ങൾ ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

***തീരുമാനം:-*** *സർക്കാർ സ്ഥാപനമായതിനാലും കമ്പനിതന്നെ ഉല്പാദിപ്പിക്കുന്നവയായതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വയറിംഗ് കേബിളുകൾ വാങ്ങുമ്പോൾ പ്രസ്തുത കമ്പനിക്ക് മുൻഗണന നല്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

3.55 28.01.2016 -ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടായ ലക്ഷം വീടുകൾ ഒറ്റവീടാക്കാനുള്ള പ്രോജക്ട് അടിയന്തിരമായി വെറ്റ ചെയ്യാൻ നടപടി സ്വീകരിക്കാൻ റൂറൽ ഡെവലപ്മെന്റ് കമ്മീഷണറോട് നിർദ്ദേശിച്ചു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.56** കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്.
വടകരടീറ്റ്മെന്റ് പ്ലാന്റ് കുത്താളി ജൈവവള മാലിന്യ സംസ്കരണ യൂണിറ്റ് - സാങ്കേതിക അനുമതി നൽകുന്നതിന് എൻ.ഐറ്റി, കോഴിക്കോടിലെ വിദഗ്ദരെ ഏല്പിക്കുന്നതു സംബന്ധിച്ച്.

**തീരുമാനം** - കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ ആവശ്യപ്പെട്ട പ്രകാരം വടകര ജില്ലാ ആശുപത്രി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, കുത്താളി ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവയുടെ സാങ്കേതിക അനുമതി നൽകുന്നതിനായി കോഴിക്കോട് എൻ.ഐ.റ്റി യിലെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് / ഡിപ്പാർട്ടുമെന്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ അനുമതി നൽകുന്നു.

പൊതുതീരുമാനം 02.18.01. ഉം ബാധകമായിരിക്കും.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 15.02.2017 ന കൂടുവാൻ തീരുമാനിച്ചു.

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അവസാനിച്ചു

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡോ. കെ. വാസുകി , എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
4. ശ്രീ. സാംബശിവ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. ശ്രീ.എസ്. ദിവാകൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
6. ശ്രീ.കെ. മോഹൻ കുമാർ, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീ.ബി.കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
8. ഡോ.വി.പി. സുകുമാരൻ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ,കെ.എൽ.ജി.എസ്.ഡി.പി
9. ശ്രീ. കെ.പി. സാബു, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകടർ
10. ശ്രീ. എച്ച്. ഷാജി,കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്
11. ശ്രീ. അജയ കുമാർ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ്
12. ശ്രീ. സി.വി. ജോയി ഡയറക്ടർ (Operations) ശുചിത്വ മിഷൻ
13. ശ്രീ. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. ശ്രീമതി ശ്രീരഞ്ജിനി .പി.എസ്, സീനിയർ സൂപ്രണ്ട്, നഗരകാര്യ വകുപ്പ്
15. ശ്രീ. എം.പി. അജിത്ത് കുമാർ, ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്
16. ശ്രീ. വി.എസ്. സന്തോഷ് കുമാർ ,     റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ
17. ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ